# Mahatma LP & UP School
# Porathissery

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# ഉള്ളടക്കം

ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ചരിത്രം

വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

നിലവിലെ അവസ്ഥാപഠനം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ

(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ,കാലം, ചുമതല, സാമ്പത്തികവിശകലനം)

പ്രതീക്ഷിത നേട്ടങ്ങൾ

മോണിട്ടറിംഗ് രീതി

ഉപസംഹാരം

അനുബന്ധം

വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : മഹാത്മ എൽ.പി & യു.പി സ്കൂൾ പൊറത്തിശ്ശേരി |
| വിലാസം | : പൊറത്തിശ്ശേരി.പി.ഒ<br>ഇരിങ്ങാലക്കുട<br>680125 |
| ഫോൺ | : 0480 2821976 |
| സ്കൂൾ കോഡ് | : 23358 |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിങ്ങാലക്കുട |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിങ്ങാലക്കുട |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| ബി.ആർ.സി | : ഇരിങ്ങാലക്കുട |
| സി.ആർ.സി | : മാടായിക്കോണം |
| ഇ.മെയിൽ | : mahatmaupschool@gmail.com |
| വെബ്സൈറ്റ് | : www.mupsporathissery.com |

## ആമുഖം

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ഗ്രാമീണത നിറഞ്ഞുതുളുമ്പുന്ന കാർഷികസംസ്കാരത്താൽ സമ്പന്നമായ പൊറത്തിശ്ശേരിയിലാണ് വിദ്യാലയം. കുട്ടികളുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലുണ്ടാകുന്ന മാറ്റം, വിവിധഭാഷകൾ അനായാസം ആശയവിനിമയത്തിന് ഉപയോഗിക്കാൻ കഴിയുംവിധം കുട്ടിയിലുണ്ടാകുന്ന ആത്മവിശ്വാസം തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന പ്രകടനം എന്നിവ മനസ്സിൽ കണ്ട് ഇത്തരം മാറ്റങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ മുഴുവൻ പശ്ചാത്തലസൗകര്യങ്ങളും ഒരുക്കികൊണ്ടിരിക്കുന്നു. ചിന്തയും പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കാം.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യലക്ഷ്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്നവിധത്തിൽ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കൽ.
- ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികർക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളുടെ അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധപ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## വിദ്യാലയത്തിന്റെ ചരിത്രം

1960ൽ എൽ.പി.സ്കൂളായി തുടങ്ങിയ വിദ്യാലയം 1966ൽ യു.പി സ്കൂളായി ഉയർത്തപ്പെട്ടു. ദൂരെ സ്ഥലങ്ങളിൽ നിന്നുപോലും പഠിക്കാനെത്തുന്ന കുട്ടികൾ, സ്നേഹസമ്പന്നരായ അധ്യാപകർ, കെട്ടുറപ്പുള്ള ഗുരുശിഷ്യബന്ധം, പാഠ്യ-പാഠ്യേതര മികവ് ഇവയെല്ലാം സ്കൂളിന്റെ മുഖമുദ്രകളാണ്. കേവലം പാഠങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിദ്യാലയം എന്നതിൽ കവിഞ്ഞ് പാഠ്യ-പാഠ്യേതര വിഷയങ്ങളിലെ മത്സരപ്പരീക്ഷകളിലും മേളകളിലും എന്നും മുൻപന്തിയിൽ തന്നെ നിൽക്കുന്ന ഒരു ചരിത്രമാണ് മഹാത്മ എൽ.പി & യു.പി സ്കൂളിനുള്ളത്. വിവിധ സാംസ്കാരിക സാമൂദായിക വിദ്യാഭ്യാസ സംഘടനകൾ കാലാകാലങ്ങളായി നടത്തിവരുന്ന ക്വിസ് മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും ജില്ലാതല മത്സരങ്ങളിൽ വരെ സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

IT വിദ്യാഭ്യാസം തുടങ്ങിയകാലം മുതൽ തന്നെ കമ്പ്യൂട്ടറുകളിൽ പരിശീലനം നൽകുകയും അന്നുമുതൽ ഇന്നുവരെ മേളയിൽ മികവ് പുലർത്തുന്നു. അക്കാദമിക് മികവ് തെളിയിക്കുന്നതിലും നമ്മുടെ പൂർവ്വ വിദ്യാർത്ഥികൾ ഉണ്ട് എന്നത് നേട്ടമായി തന്നെ കാണേണ്ടതാണ്. കാർഷികമേഖലയിലും അവാർഡുകൾ നമുക്ക് ലഭിക്കാറുണ്ട്.

വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ തേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുന്നതിനുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തൽ.
- അന്വേഷണാത്മക പഠനരീതിക്കുതകുന്ന രീതിയിൽ സ്കൂൾ ലബോറട്ടറിയും ലൈബ്രറിയും പ്രയോജനപ്പെടുത്തൽ
- ICT സാധ്യത പ്രയോജനപ്പെടുത്തികൊണ്ടുള്ള ക്ലാസ്സ്‌റൂം വിനിമയ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയഅന്തരീക്ഷം ഉറപ്പാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

a) ഭൗതികം - നേട്ടങ്ങൾ

സ്കൂളിൽ ഹൈടെക് സംവിധാനത്തോടുകൂടിയ കമ്പ്യൂട്ടർ ലാബും കോമൺറൂമും 5 smart class മുറികളും ഉണ്ട്. മറ്റുക്ലാസ്സ് മുറികളിൽ Projector സൗകര്യവും ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പ്രീപ്രൈമറി ക്ലാസ്സ് മുറികൾ ടൈൽവിരിച്ച് നവീകരിച്ചിട്ടുണ്ട്.

b) ഭൗതികം - പരിമിതികൾ

പ്രൈമറികെട്ടിടങ്ങൾ, ഹാൾ എന്നിവ ടൈൽവിരിച്ച് നവീകരിക്കാനുണ്ട്. വിവിധലാബുകൾക്ക് മതിയായ സൗകര്യങ്ങളുള്ള മുറികളില്ല. ഓപ്പൺ എയർസ്റ്റേജ്, വാഹന ഷെഡ്, ഡൈനിങ്ങ്റൂം, സ്റ്റോറേജ് റൂം, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

c) അക്കാദമികം - നേട്ടങ്ങൾ

മത്സരപരീക്ഷകളിലും മേളകളിലും കുട്ടികൾ മികവ് തെളിയിക്കുന്നുണ്ട്. കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫുട്ബോൾ ക്യാമ്പ് നടത്തുകയും ടീമിനെ സെലക്റ്റ് ചെയ്ത് പരിശീലനം നടത്തിവരികയും ചെയ്യുന്നുണ്ട്.

d) അക്കാദമികം -പരിമിതികൾ

ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ഗ്രന്ഥശാല നവീകരിക്കണം. കലാകായിക പ്രവൃത്തിപരിചയത്തിന് അധ്യാപകരുടെ സേവനം ആവശ്യമുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പദ്ധതികൾ

### അക്കാദമികം

1. ഭാഷാശേഷി വികസനം
2. വായനാപരിപോഷണം
3. ഇംഗ്ലീഷ് പഠനപരിപോഷണം
4. ഗണിതശേഷി വികസനം
5. ലൈബ്രറി ശാക്തീകരണം
6. ഭാഷാലാബ്
7. സ്കൂൾ പത്രം /മാസിക
8. ഒന്നാംക്ലാസ്സ് ഒന്നാംതരം
9. സാഹിത്യപോഷണ പരിപാടികൾ
10. നാടകകളരി
11. രചനാശില്പശാല
12. അഭിമുഖങ്ങൾ
13. ശാസ്ത്രപോഷണപരിപാടികൾ
14. ലബോറട്ടറി നിറയ്ക്കൽ
15. ജൈവവൈവിധ്യപാർക്ക്
16. ഗണിതലാബ്, ഗണിതാന്തരീക്ഷ മൊരുക്കൽ
17. ബാല
18. ഒറിഗാമി ശില്പശാല
19. മെട്രിക് മേള
20. ഗണിതോത്സവം
21. ദിനാചരണങ്ങൾ
22. ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
23. CPTA
24. കായികപഠനം
25. ഫുട്ബോൾ ക്യാമ്പ്, ടീം

### ഭൗതികം

1. സ്വയം പര്യാപ്തവിദ്യാലയം
2. സ്കൂളിന്റെ മുൻവശം ടൈൽ വിരിക്കൽ, ഗൈറ്റ്
3. കളിസ്ഥലം
4. പ്രീപ്രൈമറി കെട്ടിടം നവീകരിക്കൽ
5. കുട്ടികളുടെ പാർക്ക്
6. കാർഷികഉപകരണങ്ങൾ
7. കൃഷിയിടം ജലസേചനത്തിനായി ടാങ്ക്
8. Open air stage
9. മുറ്റം നവീകരിക്കൽ, അസംബ്ലി
10. ക്ലാസ്സ് മുറികൾ
11. സ്റ്റാഫ് മുറി
12. ഡൈനിങ്ങ് & storage മുറി
13. ടോയ്‌ലറ്റ്
14. ലബോറട്ടറി
15. ലൈബ്രറി
16. മൾട്ടിമീഡിയ റൂം
17. കുടിവെള്ള വിതരണം
18. മാലിന്യസംസ്കരണം
19. അടുക്കള
20. ജൈവവൈവിധ്യപാർക്ക്
21. നക്ഷത്രവനം
22. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ
23. സൈക്കിൾഷെഡ്
24. ശിശുസൗഹൃദചുമരുകൾ

### സാമൂഹികം

1. CPTA മാതൃകാപരമാക്കൽ
2. PTA ശക്തിപ്പെടുത്തൽ PTA അവാർഡ്
3. OSA പ്രവർത്തനങ്ങൾ
4. SSG കാര്യക്ഷമമാക്കൽ
5. OTA രൂപീകരണം
6. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധസംഘടനകൾ വിദ്യാഭ്യാസപ്രവർത്തകർ സഹകരണസ്ഥാപനങ്ങൾ വ്യവസായഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
7. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
8. വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ
9. റിസോഴ്സ്മാപ്പിങ്ങ്
10. പ്രാദേശിക PTA
11. ഭവനസന്ദർശനം
12. സൈബർസുരക്ഷ
13. ട്രാഫിക്
14. ലഹരി സുരക്ഷ

(12–14: ബോധവൽകരണ ക്ലാസ്സുകൾ)

26. വോളിബോൾ ടീം
27. നീന്തൽപരിശീലനം
28. ചെസ്സ് ടൂർണമെന്റ്
29. അത്‌ലറ്റിക് പരിശീലനം
30. മാരത്തോൺ
31. പ്രവൃത്തി പരിചയശില്പശാല
32. W.E പരിശീലനം
33. നൃത്തപരിശീലനം
34. ചിത്രരചന
35. സംഗീതം
36. എയ്റോബിക്സ്
37. കരാട്ടെ
38. CPTA യുടെ നേതൃത്വത്തിൽ അസംബ്ലി
39. ടേം മൂല്യനിർണയം
40. നിരന്തര വിലയിരുത്തൽ
41. Pre-test
42. മഹാത്മ റേഡിയോ
43. അഗാത്മ ബാൻഡ്സെറ്റ്
44. പച്ചക്കറിത്തോട്ടം
45. പഠനയാത്രകൾ

25. ബഞ്ച്, ഡസ്ക്, കസേര
26. മഴവെള്ളസംഭരണി
27. ഔഷധത്തോട്ടം
28. ശലഭോദ്യാനം
29. സ്കൂൾബസ്
30. ഹരിതവിദ്യാലയം
31. ജൈവകമ്പോസ്റ്റ്
32. ഡിജിറ്റൽ ലൈബ്രറി

| മേഖല യു.പി. മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | <u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | <u>വാർത്താലോകത്തേക്ക് :</u><br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | അതാത് മാസത്തെ പ്രധാനവ സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | സംവാദം/മുഖാമുഖം:<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്/ മലയാളം അധ്യാപകർ | പി.ടി.എ. |
| | ഇ – കമ്പ്യൂട്ടറിംഗ് :<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ – മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി, അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസന കളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്ക്കാരം:</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ. |
| 6. കുട്ടികളുടെ അവതരണ മികവ് | <u>മഹാത്മാ. എഫ്. എം.</u><br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളും അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ. |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | ക്ലാസ്സ് ലൈബ്രറി<br>ആസ്വാദനകുറിപ്പ്<br>വായനാകുറിപ്പ്<br>പതിപ്പ്<br>പുസ്തക പരിചയം<br>ചുമർ പത്രിക<br>ബാലസഭ<br>വ്യക്തിഗത രചന<br>സംഘരചന<br>അഭിമുഖം<br>വായനാവസന്തം | ക്ലാസ് ടീച്ചർ | 5 വർഷം | |

| മേഖല : യു.പി. ഹിന്ദി | | | | |
|---|---|---|---|---|
| പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
| 1. യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>വാക്കുകൾ എഴുതിയ കാർഡുകൾ<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ഒക്ടോബർ | അക്ഷര പ്രദർശനം<br>പാഠപുസ്തകം | BRC, Resource Teachers |
| 2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | ഒക്ടോബർ മുതൽ ഡിസംബർ | ഹിന്ദി നിഘണ്ടു | PTA Resource Teacher |
| 3. ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും<br>4. സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ഹിന്ദി അസംബ്ളി<br>അധികവായന സാമഗ്രികൾ<br>ചിത്രവായന<br>ചിത്ര അടിക്കുറിപ്പ് | ഡിസംബർ മുതൽ മാർച്ച് | പുസ്തകങ്ങൾ | PTA Resource Teacher |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| 1. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷാജ്ഞാനം<br>അക്ഷരം എഴുത്ത്.<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്.<br>വാക്കുകൾ<br>എഴുതിയകാർഡ്.<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ.<br>അക്ഷരമരം നിർമ്മിക്കൽ<br>കാർട്ടൂൺ പ്രദർശനം.<br>പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ.<br>• ചിത്രകഥകൾ.<br>• ലഘു സംഭാഷണങ്ങൾ<br>• നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ-ജൂലൈ | സംസ്കൃത കഥാപുസ്തകം. ICT | റിസോഴ് അധ്യാപിക. |
| 2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ-ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3. വായനാലോകം. (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പിരീയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>• കൂടുതൽ പുസ്തകങ്ങൾ | 6മാസം. | ക്ലാസ് ലൈബ്രറി. | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| | വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക<br>• ലൈബ്രറി ഒരുക്കുന്നു | | | |
| 4. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ – മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 5. ആസ്വാദന ലോകം. ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി. | • എഴുതുവാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ<br>• ആസ്വാദനസഭ ചേരുന്നു. | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |
| 6. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ. | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു. | ജൂൺ – മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |

| | UP ENGLISH | | | |
|---|---|---|---|---|
| AIM | ACTIVITES | TIME | CHARGE | FINANCE |
| Creat atmosphere to listen and speak English fluently | Hear and enjoy:Listen simple stories and comprehend it by answering questions, telling stories in their own words. | June, July<br>Daily | English Teacher | |
| | Listen news and identfy the pronunciation | June | | |
| | Puppet show for conversation | | | |
| | Find the Missing Part: | August | | |
| | First various situations related to our daily life are presented in conversation. Then gives only one part of conversation asks to fill other par. | Monthly<br>Regularly | | |
| Practice | Reader of the month: | | | |
| | Reading English news and select one reader of the month | October, November, December | | |
| | I can : Various level reading cards arraged for reading. | | | |
| | Introduces story reading app | | | |
| Writing english without any mistake | FM RADIO, Radio drama, Readers theatre | October | | |
| | Copy Paste: | | | |
| | Charts having texts are given | Regularly | | |
| | Learners have to write the same in blank charts without any mistake | | | |

| | UP ENGLISH | | | |
|---|---|---|---|---|
| AIM | ACTIVITES | TIME | CHARGE | FINANCE |
| Raising confidence level | Fun time :<br><br>Riddles, fun, funny quizzes in classrooms<br><br>Alert Zone :<br><br>Prepare posters related to day<br><br>Observations, signals, waring posters, instructions etc..<br><br>Roleplay, choreography, speech, anchoring, documenting, reporting<br><br>English fest OR Camp | | | |

## പ്രവർത്തനം :

**പേര് : ഗണിതശേഷി വികസനം** **മേഖല/ഉപമേഖല : അക്കാദമികം / ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഗണിതശേഷി വികസനം | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് രസകരമായ കളികളിൽ ഏർപ്പെടുന്നു. ഉല്ലാസ ഗണിതം, ചെസ്സ്... | 8 മാസം | ഗണിത അധ്യാപകർ | 1000 |
| | സംഖ്യാബോധം ഉറയ്ക്കുന്നതിന് TLM ഉപയോഗപ്പെടുന്നു. | 1 വർഷം | ഗണിത അധ്യാപകർ | 1000 |
| | യുക്തിചിന്ത, മനകണക്ക് എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ICT ഉപയോഗിച്ച് ജ്യാമിതിയുടെ ചലനാത്മകത<br>അക്കാദമികമായി താഴ്ന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് action research പ്രതിഭകൾക്കായി വിദഗ്ധ പരിശീലനം എന്നിവ നടത്തുന്നു<br>ഗണിതം അശ്വമേധം,<br>വളരുന്ന ഗണിത[illegible] | 1 വർഷം | ഗണിത അധ്യാപകർ | 1000 |

പ്രവർത്തനം :

പേര് : ഗണിതം മധുരം

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ<br><br>രസകരമായ ഗണിതപഠനം സാധ്യമാക്കൽ | ജ്യാമിതീയരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയവും പരിസരവും ഗണിതാന്തരീക്ഷമൊരുക്കൽ<br>Bala tangran<br>ഒറിഗാമി, ഗണിതമേളക്കുവേണ്ടി ഒരുക്കൽ, ഗണിതക്യാമ്പ്, ഗണിതോത്സവം പ്രദർശനം, ഉല്ലാസഗണിതം, മെട്രിക് മേള,മാഗസിൻ, ഗണിതലാബ്, പഠനയാത്ര, ശില്പശാല | 5 വർഷം<br><br>1 വർഷം | PTA<br>OSA<br>SRG | 10000/-<br><br>10000/- |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br>ഗണിത വിജയം<br>ഉല്ലാസ ഗണിതം | ഗണിതലാബ് നവീകരിക്കലും നിറക്കലും<br>ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന്<br>പഠനവിടവുകൾ പരിഹരിക്കുന്ന | 1 വർഷം | PTA<br>OSA<br>SSG<br>SRG | 2000/- |

പ്രവർത്തനം :

പേര് : **Basic Science** മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ക്ലാസ്സിലും സ്കൂളിലും ശാസ്ത്രപഠനാന്തരീക്ഷം ഒരുക്കൽ | ശാസ്ത്രമൂല ഒരുക്കൽ<br>ബുള്ളറ്റിൻ ബോർഡ്, ചോദ്യപ്പെട്ടി, ശാസ്ത്രവായനാമൂല പതിപ്പുകൾ, ചുമർ മാസികകൾ, ശാസ്ത്രമാസികകൾ, ശാസ്ത്രമാഗസിൻ എന്നിവ തയ്യാറാക്കൽ<br>പൂന്തോട്ടം<br>പച്ചക്കറിത്തോട്ടം<br>ഔഷധോദ്യാനം<br>ജൈവവൈവിധ്യഉദ്യാനം<br>ജലസംരക്ഷണമാർഗ്ഗങ്ങൾ<br>മണ്ണ് സംരക്ഷണമാർഗ്ഗങ്ങൾ<br>എന്നിവയിലൂടെ പരിസരം/വിദ്യാലയം (പ്രകൃതി) പാഠപുസ്തകമാക്കുന്നു. | അധ്യാപകർ<br>OSA<br>SRG<br>കുട്ടികൾ | 5 വർഷം | OSA<br>10000/-രൂപ |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ശാസ്ത്ര കൗതുകം വളർത്താൻ ഉതകുന്ന വിധം ശാസ്ത്രപരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണകുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ | കുട്ടിയുടെ നിലവാരത്തിനുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു.<br>പരീക്ഷണസാമഗ്രികൾ വികസിപ്പിക്കുന്നു<br>പരീക്ഷണത്തിലേർപ്പെടുന്നു<br>പരീക്ഷണങ്ങളെ ശാസ്ത്രമാജിക്കുകളായി രൂപപ്പെടുത്തുന്നു.<br>പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു.<br>ശില്പശാല സംഘടിപ്പിക്കുന്നു. | അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ<br>OSA | 1 വർഷം | OSA<br>10000/-രൂപ |
| കുട്ടികളുടെ അന്വേഷണത്വര വർദ്ധിപ്പിക്കുന്നതിന് | ശാസ്ത്രനിഘണ്ടു തയ്യാറാക്കുന്നു.<br>(ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ വളർച്ചക്കനുസരിച്ച് ശാസ്ത്രീയവിശദീകരണം പദസൂര്യനായോ ഫ്ളോചാർട്ടായോ വാക്യങ്ങളാലോ രേഖപ്പെടുത്തുന്ന വളരുന്ന നിഘണ്ടു<br>ശാസ്ത്രമാഗസിൻ തയ്യാറാക്കുന്നു.<br>ശാസ്ത്രക്വിസ് നടത്തുന്നു<br>ശാസ്ത്രമേള, പഠനോപകരണ ശില്പശാല എന്നിവ നടത്തുന്നു | കുട്ടികൾ | 1 വർഷം | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യവും ആത്മവിശ്വാസവും ഉണ്ടാക്കൽ | ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>ഫീൽഡ് ട്രിപ്പുകൾ<br>പ്രോജക്ടുകൾ<br>സെമിനാറുകൾ എന്നിവ അവതരിപ്പിക്കുന്നു. | ശാസ്ത്ര പ്രവർത്തകർ<br>കുട്ടികൾ<br>അധ്യാപകർ<br>OSA<br>SSG | 1 വർഷം | 10000/-രൂപ |

| മേഖല-യു.പി. സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. സാമൂഹിക ചിന്ത, സാമൂഹ്യബോധം എന്നിവ ആർജിക്കൽ<br><br>2. പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു. | ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രം, ശേഖരണം, പതിപ്പ് അഭിമുഖം<br><br>ക്വിസ്, ഫീൽഡ്ട്രിപ്പ്, പ്രദർശനം, ബോധവൽക്കരണ ക്ലാസ്സുകൾ | 1 വർഷം | അധ്യാപകൻ<br>SRG<br>OSA<br>കുട്ടികൾ | |